പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:838 28.09.2011- ലെ മറുപടി

## തൊട്ടിൽപാലം ഡിപ്പോയിലെ ഡീസൽ പമ്പ്

ചോദ്യം

ശ്രീ. ഇ. കെ. വിജയൻ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | നാദാപുരം മണ്ഡലത്തിലെ തൊട്ടിൽപാലം കെ.എസ്. ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഒരു ദിവസം പരമാവധി എത്ര ബസ്സുകൾ സർവ്വീസ് നടത്തിയിരുന്നു; | (എ) | 4 വർഷം മുമ്പ് 26 സർവ്വീസ് നടത്തുന്നതിന് അനുവാദം ഉണ്ടായിരുന്നു. |
| (ബി) | ഇപ്പോൾ എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്; കണക്കുകൾ വ്യക്തമാക്കാമോ; കുറവുണ്ടെങ്കിൽ പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; | (ബി) | ചെയിൻ സർവ്വീസുകൾ ഉൾപ്പടെ സർവ്വീസുകളുടെ എണ്ണം വർദ്ധിച്ചതിനാൽ ഇപ്പോൾ 38 ഷെഡ്യൂളുകൾ നടത്താൻ അനുവാദം ഉണ്ടെങ്കിലും ശരാശരി 35 സർവ്വീസ് മാത്രമേ നടത്തുന്നുള്ളൂ.<br><br>**സർവ്വീസിന്റെ തരം**<br><br>സൂപ്പർ എക്സ്പ്രസ്സ് - 1 എണ്ണം<br>സൂപ്പർ ഫാസ്റ്റ് - 2 എണ്ണം<br>ഫാസ്റ്റ് പാസഞ്ചർ - 2 എണ്ണം<br>ഓർഡിനറി - 30 എണ്ണം<br><br>ബസ്സുകളും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ അനുവദിച്ചിട്ടുള്ള ഷെഡ്യൂളുകൾ പൂർണ്ണമായും നടത്തുവാൻ കഴിയുകയുള്ളൂ. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തുന്ന ബസ്സുകൾ ഇന്ധനം നിറയ്ക്കാൻ മാനന്തവാടിയിലും കോഴിക്കോട്ടുമുള്ള ഡീസൽ പമ്പുകളെ ആശ്രയിക്കേണ്ടിവരുന്നതിനാൽ തൊട്ടിൽപാലം ഡിപ്പോയിൽ ഡീസൽ പമ്പ് തുടങ്ങാനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | സ്വീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ